പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**വിദേശ മദ്യ ഔട്ട് ലെറ്റുകളിലെ മിന്നൽ പരിശോധന**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1098 — 10.06.2019-ൽ മറുപടിയ്ക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| (എ) സംസ്ഥാനത്തെ വിദേശ മദ്യ ഔട്ട് ലെറ്റുകളിൽ മിന്നൽ പരിശോധന നടത്തിയ വിജിലൻസ് വിഭാഗം വ്യാപകമായ ക്രമക്കേടുകൾ കണ്ടെത്തിയതായ റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;<br><br>(ബി) കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനമോ ചിട്ടയോ ഇല്ലാതെയാണ് ഔട്ട് ലെറ്റുകളുടെ പ്രവർത്തനമെന്ന് വിജിലൻസ് കണ്ടെത്തുകയുണ്ടായോ;<br><br>(സി) വിൽപന കേന്ദ്രങ്ങളിൽ ബില്ലടിക്കുന്ന യന്ത്രത്തിന് വില 16,000 രൂപയും ഒരു വർഷത്തെ അതിന്റെ സർവ്വീസ് ചാർജ് 60,000 രൂപയും ആണെന്ന് കണ്ടെത്തുകയുണ്ടായോ;<br><br>(ഡി) വിവിധ ഔട്ട് ലെറ്റുകളിൽ നിന്ന് കണക്കിൽപെടാത്ത തുകയും ചിലയിടങ്ങളിൽ ഔട്ട് ലെറ്റുകളോട് ചേർന്ന കെട്ടിടങ്ങളിലും മറ്റും വൻ തുക ഒളിപ്പിച്ചു വച്ചതായും കണ്ടെത്തുകയുണ്ടായോ; വിശദാംശങ്ങൾ നൽകുമോ? | (എ) (ബി) (സി) & (ഡി) കേരള വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ബിവറേജസ് കോർപ്പറേഷന്റെ 48 വിദേശമദ്യ ചില്ലറ വിൽപ്പനശാലകളിൽ മിന്നൽ പരിശോധന നടത്തിയിരുന്നു. എന്നാൽ ഈ പരിശോധനയുമായി ബന്ധപ്പെട്ട് വിജിലൻസ് വകുപ്പിന്റെ കണ്ടെത്തലുകൾ അടങ്ങിയ റിപ്പോർട്ട് ഇതുവരെ ലഭിച്ചിട്ടില്ല. |

Southath

സെക്ഷൻ ഓഫീസർ